# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **09-02-2016-ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 589**

## കുറ്റ്യാടി നാളികേര പാർക്ക്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിനുവേണ്ടി കെ.എസ്.ഐ.ഡിസി. ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് കോടതികളിൽ കേസുണ്ടായിട്ടുണ്ടോ എന്നും എങ്കിൽ വിധി വന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; | (എ) നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിനു വേണ്ടി കെ.എസ്.ഐ.ഡി.സി ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് സ്ഥലം ഉടമ ഉയർന്ന നഷ്ടപരിഹാരത്തിനുവേണ്ടി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി 07.10.2015ന് സ്ഥലം ഉടമയ്ക്ക് ഉയർന്ന നഷ്ടപരിഹാരം നൽകുവാൻ വിധി പ്രസ്താവിക്കുകയും ചെയ്തു. എൽ.എ. ആക്ടിന്റെ സെക്ഷൻ 11(1) അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി മൂന്നു മാസത്തിനകം വീണ്ടും നടത്തുവാൻ കോടതി നിർദ്ദേശിച്ചു. ഈ വിധിക്കെതിരെ കെ.എസ്.ഐ.ഡി.സി. അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസുകൾ സംബന്ധിച്ച് സർക്കാർ കോടതിയിൽ ഹാജരാക്കിയിട്ടുള്ള രേഖകളുടെയും കൗണ്ടർ സ്റ്റേറ്റ്മെന്റുകളുടെയും വിധിപ്പകർപ്പിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ ; | (ബി) ഈ കേസിൽ വ്യവസായ വകുപ്പ് ഒരു കക്ഷിയല്ല. |
| (സി) കോടതിയിൽ കേസ് വന്നതിനശേഷം നാളികേര പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) കോടതിയിൽ കേസ് വന്നതിനുശേഷം നാളികേര പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ